# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1035** **30/11/2018**-ലെ മറുപടി

## സാലറി ചലഞ്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |

(എ) സാലറി ചലഞ്ച് വഴി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു;

(എ) സാലറി ചലഞ്ച് വഴി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് 5,02,28,018/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ചു.

(ബി) വാട്ടർ അതോറിറ്റിയിൽ നിന്ന് എത്ര പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു; അറിയിക്കുമോ;

(ബി) വാട്ടർ അതോറിറ്റിയിൽ നിന്ന് 3964 ജീവനക്കാർ സാലറി ചലഞ്ചിൽ പങ്കെടുത്തു.

(സി) ഹെഡ് ഓഫീസ്, ചീഫ് എഞ്ചിനീയർ മാരുടെ ഓഫീസ്, സർക്കിൾ, ഡിവിഷൻ, സെക്ഷൻ എന്നിവ തിരിച്ച് ലഭിച്ചതുകയും പങ്കെടുത്ത ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കാമോ;

(സി)

| ക്രമ നം. | ഓഫീസ് | പങ്കെടുത്ത ജീവനക്കാരുടെ എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | ഹെഡ് ഓഫീസ് | 285 | 51,80,892/- |
| 2 | ചീഫ് എഞ്ചിനീയർമാരുടെ ഓഫീസ് | 85 | 13,81,731/- |
| 3 | സർക്കിൾ ഓഫീസ് | 206 | 50,17,666/- |
| 4 | ഡിവിഷൻ ഓഫീസ് (സെക്ഷൻ ഓഫീസുകൾക്ക് ഡിവിഷൻ തലത്തിലാണ് ഇപ്പോൾ ശമ്പളം നൽകുന്നത്) | 3388 | 3,86,47,729/- |
| | ആകെ | 3964 | 5,02,28,018/- |

(ഡി) എത്ര ശതമാനം ജീവനക്കാർ, ഓഫീസർമാർ, മറ്റ് ജീവനക്കാർ എന്ന കണക്കിൽ വ്യക്തമാക്കാമോ?

(ഡി) കേരള വാട്ടർ അതോറിറ്റിയിൽ 55.85% ജീവനക്കാർ സാലറി ചലഞ്ചിൽ പങ്കെടുത്തു. ഇതിൽ ആകെയുള്ള ഓഫീസർമാരുടെ 83.50% ഉം മറ്റ് ജീവനക്കാരിൽ 60.75% ഉം ഉൾപ്പെടുന്നു.

Renuka Sankar
സെക്ഷൻ ഓഫീസർ